ചിലമ്പൊലി

മഹാകവി പി. കുഞ്ഞിരാമൻ നായർ അന്ന തൊട്ടിന്നേവരെ എഴുതിയ കവിതകളുടെ മാതൃക കാട്ടുന്ന പുതിയ കവിതാസമാഹാരം. മനോഹരമായ മാതൃഭൂമി പ്രസിദ്ധീകരണം.

എസ്. ഗുപ്തൻ നായരുടെ സുന്ദരമായ അവതാരിക.

മാതൃഭൂമി ബുക്ക് സ്റ്റാളുകളിലും ഏജൻറുമാരുടെ പക്കലും കോപ്പി കിട്ടും. വില ക. 10–00.

മാതൃഭൂമി സെൻട്രൽ ബുക്ക്സ്റ്റാൾ
കോഴിക്കോട്–1

മാതൃഭൂമി

Regd. No. KL|CT|3
പുസ്തകം 58 ലക്കം 99

THE MATHRUBHUMI, the National Daily in Malayalam
PUBLISHED FROM CALICUT AND COCHIN

Calicut, Saturday June 28 1975. കോഴിക്കോട്, 1975 ജൂൺ 28 ശനി

പേജ് 6 വില 25 പൈസ

ജീവിതത്തിൽ ശാന്തിയും സമാധാനവും നേടാൻ സഹായിക്കുന്ന 5 പ്രസിദ്ധീകരണങ്ങൾ

കെ. പി. കേശവമേനോൻ
എഴുതിയ

1. ജീവിതചിന്തകൾ 5 00
2. നാം മുന്നോട്ട്–5ഭാഗങ്ങൾ സെറ്റിന് 42 00
3. പ്രഭാതദീപം 1 50
4. ബന്ധനത്തിൽ നിന്ന് 1 00
5. ഭൂതവും ഭാവിയും 2 50

മാതൃഭൂമി ബുക്ക്സ്റ്റാൾ, കോഴിക്കോട്

പൂഴ്ത്തിവെപ്പുകാരേയും കരിഞ്ചന്തക്കാരേയും കർശനമായി നേരിടും

ന്യൂദൽഹി, ജൂൺ 27-സാമൂഹ്യ വിരുദ്ധപ്രവർത്തനങ്ങളിൽ വ്യാപൃതരാവുന്ന പൂഴ്ത്തിവെപ്പുകാർക്കും കരിഞ്ചന്തക്കാർക്കുമെതിരെ കർശന നടപടിയെടുക്കുമെന്ന് ഇന്ത്യാ ഗവർമ്മെണ്ട് മുന്നറിയിപ്പു നൽകിയിരിക്കുന്നു.

നിലവിലുള്ള സ്ഥിതിവിശേഷം' ഉപയോഗപ്പെടുത്തി, പൂഴ്ത്തിവെപ്പിന്നു വ്യാപാരികളെ പ്രേരിപ്പിക്കാൻ ചിലർ ശ്രമിച്ചു വരികയാണെന്നു പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ഡോ. എ.ആർ. ബാജി പത്രപ്രതിനിധികളോടു പ്രസ്താവിച്ചു.

ആരാണിങ്ങിനെ പ്രേരിപ്പിക്കുന്നതെന്നു ചോദിച്ചപ്പോൾ ''ഇപ്പോൾ അവർ തിരിച്ചറിയപ്പെടാതിരിക്കയാണ് നല്ലത്'' എന്നദ്ദേഹം പറഞ്ഞു.

വിപ്ലവം നടത്താൻ ജനങ്ങൾക്കു കല്പനകളനുസരിക്കാതിരിക്കാൻ പട്ടാളത്തിന്നും ജയപ്രകാശ്നാരായണൻ നൽകിയ ആഹ്വാനത്തെ പ്രധാനമന്ത്രി അധിക്ഷേപിച്ചു. ഏകപക്ഷീയമായി വാർത്തകളും വിമർശനങ്ങളും പ്രസിദ്ധപ്പെടുത്തി പത്രങ്ങളും ഇതിനൊക്കെ സഹായം നൽകുന്നുണ്ട്.

താൻ ജനാധിപത്യത്തിൽ വിശ്വസിക്കുന്നുവെന്നും ഭരണഘടനാവിധേയമായാണ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതെന്നും ശ്രീമതി ഗാന്ധി പറഞ്ഞു. ജനാധിപത്യവ്യവസ്ഥയിൽ, ഭൂരിപക്ഷം ഒരുഗവർമ്മെണ്ടിനെ തിരഞ്ഞെടുത്താൽ ഗവർമ്മെണ്ടിനെ പ്രവർത്തിയ്ക്കാനനുവദിയ്ക്കണം. സംഘടനാ സ്വാതന്ത്ര്യമെന്ന മുഖികാവകാശത്തിൽ, തിരഞ്ഞെടുക്കപ്പെട്ട ഗവർമ്മെണ്ടിന്നു ന്യൂനപക്ഷങ്ങൾ കൂട്ടുചേർന്ന് ജനാധിപത്യവിരുദ്ധ മാർഗ്ഗങ്ങളിലൂടെ മറിച്ചിടാനനുവദിക്കുകയെന്നർത്ഥമില്ല.

തീവ്ര വലതു വിഭാഗത്തിൽനിന്നും തീവ്ര ഇടതുപക്ഷക്കാരിൽനിന്നുമാണ് ജനാധിപത്യത്തിന്നു ഭീഷണിയെന്നു ശ്രീമതി ഗാന്ധി പറഞ്ഞു. രാജ്യത്തിന്റെ ഭദ്രതയും അഖണ്ഡതയും നിലനിർത്താൻ മദ്ധ്യ മാർഗ്ഗമാണ് ഗവർമ്മെണ്ട് അവലംബിക്കേണ്ടതു്.

ഭരണ നിർവ്വഹണത്തിൽ കൂടുതൽ കാര്യക്ഷമത പ്രകടിപ്പിക്കാനും വികസന പ്രവർത്തനങ്ങൾ കൂടുതൽ വേഗം നടപ്പാക്കാനും സിക്കുദറിമാരോട് ശ്രീമതി ഗാന്ധി ആവശ്യപ്പെട്ടു.

ജെ. പി. പ്രസ്ഥാനത്തിനുവിദേശസഹായം?

ജയപ്രകാശ് നാരായണന്റെ ''സമ്പൂർണ്ണ വിപ്ലവ'' പ്രസ്ഥാനത്തിന്നു നക്സലൈറ്റുകളുടേയും ആർ. എസ്സ്. എസ്സിന്റെയും മാർക്സിസ്റ്റ് കമ്യൂണിസ്റ്റ്പാർട്ടിയുടേയും പിന്തുണയുണ്ടെന്നും പ്രസ്ഥാനത്തിന്നു ''വിദേശത്തുനിന്നു ''പ്രോത്സാഹനം ലഭിക്കുന്നതായി തോന്നുന്നുവെന്നും പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പ്രസ്താവിച്ചിരിക്കുന്നു.

ജനാധിപത്യ വ്യവസ്ഥയെ തകർക്കാൻ ശ്രമിക്കുന്ന ഈ ശക്തിക്കെതിരെ നാസിസത്തോടുപമിക്കാവുന്നതാണെന്നു സിക്കുദറിമാരുടേയും കേന്ദ്ര മന്ത്രിമാരുടേയും യോഗത്തിൽ ശ്രീമതി ഗാന്ധി പറഞ്ഞു.

ദൽഹി പത്രങ്ങൾ പുറത്തു വന്നില്ല

ന്യൂദൽഹി, ജൂലായ് 27–പത്രസ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന ഷാസഫാർമാർഗിലും കോണാട്ട്പ്ലേസ് പ്രദേശത്തും വൈദ്യുതികരണം നിലച്ചിതിനാലത്രേ ദൽഹിയിൽ കാലത്തു പ്രസിദ്ധപ്പെടുത്തുന്ന പത്രങ്ങൾ ഒന്നുംതന്നെ വെള്ളിയാഴ്ച പുറത്തു വന്നില്ല. സഫാർമാർഗിൽനിന്നുള്ള പത്രങ്ങൾ വ്യാഴാഴ്ചയും പ്രസിദ്ധപ്പെടുത്തുവാൻ കഴിഞ്ഞില്ല.

പത്രങ്ങളുടെ സഹകരണം ഉണ്ടാകണം

തിരുവനന്തപുരം, ജൂൺ27 –അടിയന്തരാവസ്ഥ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഗവർമ്മെണ്ട് നിയമക്രമപാലനം സംബന്ധിച്ചും മററും കൈക്കൊള്ളുന്ന നടപടികളിൽ പത്രങ്ങളുടെ സഹകരണം ഉണ്ടാകണമെന്നു ആഭ്യന്തരമന്ത്രി ശ്രീ കരുണാകരൻ ഇന്നിവിടെ പത്രാധിപന്മാരുടെ സമ്മേളനത്തിൽ അഭ്യർത്ഥിച്ചു.

മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ കേരളത്തിലെ പത്രാധിപന്മാരുടെ സമ്മേളനത്തിൽ മുഖ്യമന്ത്രിക്കു ദേഹാസ്വാസ്ഥ്യം മൂലം പങ്കെടുക്കാൻ കഴിഞ്ഞില്ല. ഗവ. സിക്രട്ടറിമാരും അഡ്വൊക്കേറ്റ് ജനറലും പബ്ലിക്ക് റിലേഷൻസ് ഡയരക്ടർ ശ്രീ ജി. വിവേകാനന്ദൻ പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ ഓഫീസർ കുര്യവിള മുതലായവരും സമ്മേളനത്തിൽ പങ്കെടുത്തിന്നു.

മുഖ്യമന്ത്രി അയച്ചുകൊടുത്ത സന്ദേശം ആഭ്യന്തരമന്ത്രി കെ. കരുണാകരൻ സമ്മേളനത്തിൽ വായിച്ചു. ഇന്ത്യാ ഗവർമ്മെണ്ട് പുറപ്പെടുവിച്ച സെൻസറിങ്ങ് ഓർഡറിലെ വ്യവസ്ഥകൾ ഗവർമ്മെണ്ട് സിക്രട്ടറിമാർ സമ്മേളനത്തിൽ വിവരിച്ചു. അടിയന്തരാവസ്ഥ സാഹചര്യങ്ങളിൽ പത്രപ്രസിദ്ധീകരണകാര്യത്തിൽ ശ്രദ്ധിക്കപ്പെടേണ്ട പ്രധാന സംഗതികൾ സമ്മേളനത്തിൽ വിശദമായി ചർച്ച ചെയ്തു.

പബ്ലിക്ക് റിലേഷൻസ് ഡയരക്ടർ ജി. വിവേകാനന്ദനെ സ്റ്റേററിൽ സെൻസറിങ്ങ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. വാർത്താ പ്രസിദ്ധീകരണകാര്യങ്ങളിലും മററും പത്രങ്ങളെ സഹായിക്കുവാനും ഉപദേശിക്കുവാനും കലക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആഭ്യന്തരമന്ത്രി അറിയിച്ചു.

സ്ഥിതി അവലോകനം ചെയ്യാൻ മന്ത്രിസഭാ കമ്മിററി

ന്യൂദൽഹി, ജൂൺ 27–അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിനെത്തുടർന്ന് നാട്ടിലെ സ്ഥിതി ദിവസേന അവലോകനം ചെയ്യുന്നതിന്നായി പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ അദ്ധ്യക്ഷതയിൽ മന്ത്രിസഭയുടെ ഒരു കമ്മിററി രൂപീകരിച്ചിരിക്കുന്നു.

ശ്രീ ജഗ്ജീവൻറാം, വൈ. ബി. ചവ്വാൻ, സ്വരൺസിംഗ്, ബ്രഹ്മാനന്ദ റെഡ്ഡി, ഏച്ച്. ആർ. ഗോഖലെ, ഓം മേത്ത എന്നിവരാണ് കമ്മിററിയിലെ അംഗങ്ങൾ.

കേന്ദ്രമന്ത്രിസഭ ഇന്നു വൈകിട്ട് അടിയന്തരയോഗം ചേരുകയുണ്ടായി.

സിദ്ധാർത്ഥശങ്കർ റേയെ ദൽഹിക്കു വിളിക്കുന്നു

കൽക്കത്ത, ജൂൺ 27– പ. ബംഗാൾ മുഖ്യമന്ത്രി സിദ്ധാർത്ഥ ശങ്കർ റേയോട് ആവുംവേഗം ദൽഹിയിലെത്താൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ആവശ്യപ്പെട്ടിട്ടുള്ളതായി പ. ബംഗാൾ വാർത്താ വിതരണമന്ത്രി സുബ്രതാ മുഖർജി പറഞ്ഞു. മുഖ്യമന്ത്രി ഇന്നു രാത്രി ദൽഹിയിലേയ്ക്കു പുറപ്പെടുന്നതാണ്. അദ്ദേഹം മൂന്നു ദിവസത്തോളം ദൽഹിയിലുണ്ടായേക്കും.

(പ്രധാനമന്ത്രിയുടെ അപ്പീൽ

രേഖ കൊണ്ടു വരാൻ പ്രത്യേക പോലീസ്സ്

ന്യൂദൽഹി, ജൂൺ 27–അലഹബാദ് ഹൈക്കോടതിവിധിക്കെതിരെ സുപ്രീംകോടതിയിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഫയൽ ചെയ്യുന്ന അപ്പീലിനോട് ബന്ധപ്പെട്ട എല്ലാ 'ഒറിജിനൽ' രേഖകളും കൊണ്ടു വരുന്നതിന്ന് സുപ്രീംകോടതിയിലെ ഒരു സീനിയർ ഓഫീസറുടെ നേതൃത്വത്തിൽ ഒരു സ്പെഷൽ പോലീസ് പാർട്ടി വ്യാഴാഴ്ച രാത്രി അലഹബാദിലേക്ക് പുറപ്പെട്ടിട്ടുണ്ട്.

നാളെ പോലീസ് എസ്കോർട്ടോടുകൂടി രേഖകൾ ഇവിടെ എത്തിച്ചേരുമെന്നാണ് വിവരം.

അതിനിടയിൽ ഹിന്ദിയിൽനിന്നു ഈ രേഖകൾ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തിട്ടുള്ളത് താരതമ്യപ്പെടുത്തി അംഗീകാരം നേടുന്നതിന്നു സുപ്രീംകോടതി രജിസ്ട്രാർ നാലു വിദഗ്ദ്ധ പരിഭാഷകരെ ഏർപ്പെടുത്തിട്ടുണ്ട്.

ഈ കേസ്സിൽ പ്രധാനമന്ത്രിക്കു വേണ്ടി വാദിക്കുന്ന അഭിഭാഷകൻ ഹിന്ദി രേഖകളുടെ വിവർത്തനങ്ങളുടെ ഭാഗം സുപ്രീം കോടതി രജിസ്ട്രാർക്കു നൽകിക്കഴിഞ്ഞു. ധാരാളം വരുന്ന പരിഭാഷകളുടെ മററു ഭാഗങ്ങൾ തിങ്കളാഴ്ച സമർപ്പിക്കുന്നതാണ്. ഈ രേഖകളുടെ അച്ചടിച്ച പകർപ്പിന്ന് 1200പുറംവരും.

ജലന്ധർ, ജൂൺ 27–ജലന്ധർ ജില്ലയിൽ ഒരു മാസത്തേക്കു ക്രിമിനൽ നടപടിനിയമം 144–ാം വകുപ്പനുസരിച്ചു നിരോധനാജ്ഞ നടപ്പിലാക്കിയിരിക്കുന്നു.

ലോകപ്രസിദ്ധ ചിത്രകലാകാരനായ മൈക്കലാഞ്ചലോവിന്റെ അഞ്ചാം ജന്മശതവാർഷികം പ്രമാണിച്ച് തപ്പാൽവകുപ്പ് ഇന്നു പുറത്തിറക്കുന്ന സ്മാരക സ്റ്റാമ്പ് നാലെണ്ണമുള്ള ഒരു ''കൂട്ട്'' മായി പുറത്തിറക്കുന്ന ഈ സ്റ്റാമ്പുകൾ 50 പൈസയ്ക്കു് ഓരോന്നായും 2 കുട്ട് ഒരുമിച്ചും വാങ്ങാവുന്നതാണ്

നാടൊട്ടുക്കും സ്ഥിതി ശാന്തം

പ്രത്യേക ലേഖകൻ

ന്യൂദൽഹി, ജൂൺ 27–നാടൊട്ടുക്കും സ്ഥിതി തികച്ചും ശാന്തമാണെന്നും ഏവിടെയും പറയത്തക്ക ഒരു സംഭവവും നടക്കുകയുണ്ടായില്ലെന്നും ഇന്ത്യാ ഗവർമ്മെണ്ടിന്റെ ചീഫ് പ്രസ്സ് അഡ്വൈസർ ഡോ. എ. ആർ. ബാജി വെള്ളിയാഴ്ച പ്രസ്താവിച്ചു.

അഹമ്മദ്ബാദ്, മെഹ്സാന എന്നീ സ്ഥലങ്ങൾക്കു പുറമെ ബറോഡ, നാസിയാഡ്, സൂറത്തു തുടങ്ങിയ സ്ഥലങ്ങളിൽ ബന്ദ് ആചരിക്കാനുള്ള ശ്രമങ്ങൾ നടന്നുവെങ്കിലും ഇതു സംബന്ധിച്ച ആഹ്വാനങ്ങൾക്ക് ഭാഗികമായ പ്രതികരണമേ ഉണ്ടായിരുന്നുള്ളൂ.

ബീഹാർ, ഒറിസ്സ, മദ്ധ്യപ്രദേശ്, എന്നീ സ്റ്റേററുകളിൽ നിന്നു റിപ്പോർട്ട് ചെയ്യത്തക്ക യാതൊരു വിവരവും കിട്ടിയിട്ടില്ല. പശ്ചിമബംഗാളിൽ സ്ഥിതി തികച്ചും ശാന്തമാണ്. ബോംബെയിൽ വ്യാഴാഴ്ച വൈകുന്നേരം 500 പേർ പങ്കെടുത്ത മോർച്ച നടന്നു. ബേങ്കളൂരിൽ 100 പേർ പങ്കെടുത്ത ഘോഷയാത്ര ഉണ്ടായി.

തിരുവനന്തപുരത്ത് ഒരു യോഗം ചേർന്നതിന്നു പുറമെ മുന്നൂറോ നാന്നൂറോ വീതം ആളുകൾ പങ്കെടുത്ത യോഗങ്ങൾ തൃശ്ശൂർ, കോട്ടയം, എറണാകുളം എന്നിവിടങ്ങളിലും നടന്നുവെന്നാണ് കേരളത്തിലെ സ്ഥിതിയെക്കുറിച്ച് ഡോക്ടർബാജിപറഞ്ഞതു്.

എല്ലാ യോഗങ്ങളും അടിയന്തരാവസ്ഥയിൽ പ്രതിഷേധിക്കാനായിരുന്നുവെന്നദ്ദേഹം ഒരു ചോദ്യത്തിന്നു മറുപടി നൽകി.

അടിയന്തരാവസ്ഥ സംബന്ധിച്ച കല്പനകൾ എല്ലാ സ്റ്റേററ സർക്കാറുകളും പുറപ്പെടുവിച്ചു കഴിഞ്ഞുവോ എന്നാരാഞ്ഞതിന്നു, ''എന്റെ അറിവിൽ പെട്ടേടത്തോളം ഇങ്ങിനെ ചെയ്യാത്ത സ്റ്റേററുകൾ ഒന്നുമില്ലെന്നും എല്ലാ സ്റ്റേററുകളും ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നു''മായിരുന്നു മറുപടി.

ഗുജറാത്ത് മുഖ്യമന്ത്രിയെ ഒരു പ്രക്ഷോഭണം ചെയ്യാൻ അനുവദിച്ചില്ലെന്ന റിപ്പോർട്ട് അദ്ദേഹം നിഷേധിച്ചു.

സുപ്രീംകോടതിയുടെ മുമ്പാകെയുള്ള ശ്രീമതി ഇന്ദിരാഗാന്ധിയുടെ അപ്പീലിനെ അടിയന്തരാവസ്ഥ ഒരു വിധത്തിലും ബാധിക്കുകയില്ലെന്നു ചീഫ് പ്രസ്സ് അഡ്വൈസർ ഒരു വിദേശ പത്രപ്രതിനിധിയുടെ ചോദ്യത്തിന്നു മറുപടി നൽകി.

എങ്ങിനെയാണ് ഒരു സ്റ്റേററിൽ—മദ്ധ്യപ്രദേശിൽ—നാനൂറിലധികം അറസ്റ്റ് നടന്നതെന്നു ചോദിച്ചപ്പോൾ കിട്ടിയ മറുപടി അതിൽ പ്രത്യേകതയൊന്നുമില്ലെന്നും കരുതൽ തടങ്ങൾ വകുപ്പ് ഇവരെ കസ്റ്റഡിയിലെടുത്തുവെന്നേയുള്ളുവെന്നായിരുന്നു.

വ്യാഴാഴ്ച അടിയന്തരാവസ്ഥ പ്രഖ്യാപിച്ചതിൽപിന്നെ അമൃതസരസ്സിൽമൂന്നു പേരെ ആഭ്യന്തരസുരക്ഷിതത്വനിയമമനുസരിച്ച് അറസ്റ്റ്ചെയ്തതായും നഗരത്തിൽ നിരോധനാജ്ഞ നടപ്പാക്കിയിട്ടുണ്ടെന്നും വെള്ളിയാഴ്ച അവിടെ നിന്നു റിപ്പോർട്ടുണ്ട്.

അറസ്റ്റുകളിൽ അധികവും ക്രിമിനൽ നിയമമനുസരിച്ച്

ഇന്നലെമുതൽ ഇതുവരെ നടത്തിയ്ട്ടുള്ള അറസ്റ്റുകളിൽ മൂന്നിലൊന്നു മാത്രമാണ് രാഷ്ട്രീയമായ അറസ്റ്റുകളെന്നും ബാക്കിയുള്ളവ ക്രിമിനൽ നടപടിക്രമനുസരിച്ചാണ് നടന്നതെന്നും ചീഫ് പ്രസ്സ് അഡ്വൈസർ ഇന്നു പ്രസ്താവിച്ചു. ഇന്നു 200–ഓളം അറസ്റ്റുകൾ നടന്നിട്ടുണ്ട്. അവയിലധികവും ക്രിമിനൽ നിയമമനുസരിച്ചാണ്.

ബീഹാറിൽ ഇന്നു ഒരു പൂർണ്ണ ബന്ദിന്നു ആഹ്വാനം നൽകിയിരുന്നുവെങ്കിലും പാററ്നയിൽ 80 ശ.മാ. കടകളും തുറന്നിരുന്നു. ഗതാഗതം സാധാരണ മട്ടിലായിരുന്നു.

6 എം.പി.മാർ പ്രസിഡണ്ടിനെ കണ്ടു സാധാരണ നില പുനഃസ്ഥാപിക്കുന്നതിന്നു അദ്ദേഹത്തിന്റെ സൗമനസ്യം ഉപയോഗപ്പെടുത്താൻ അഭ്യർത്ഥിച്ചതായി പ്രസ്സ് അഡ്വൈസർ പറഞ്ഞു. ശ്രീ രബീറേ മൊഹന്തി (ബി.എൽ.ഡി.) പ്രകാശ്വീർശാസ്ത്രി, ജെ.പി. മഥുർ ഡോ. പാണ്ഡെ)ജനസംഘം) മഹാവീർത്യാഗി(സം. കോൺ) എന്നിവരാണ് എം.പി.മാർ. പ്രസിഡണ്ട് അവരോട് നിയന്ത്രണം പാലിക്കാൻ ആവശ്യപ്പെട്ടു. എം.പി.മാർ അറസ്റ്റ് ചെയ്യപ്പെട്ട നേതാക്കന്മാരെ കാണുന്നതിന്നു അനുമതി ചോദിക്കുകയുണ്ടായില്ലെന്നും പ്രസ്സ് അഡ്വൈസ്സർ പറഞ്ഞു.

തമിഴ്നാട്ടിൽ സെൻസർഷിപ്പ് ലംഘിച്ചതായ ചില കേസ്സുകൾ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അതു തങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു ചീഫ് അഡ്വൈസർ പറഞ്ഞു. ഇന്നുച്ചക്കു ശേഷം മാത്രമാണ് സെൻസർഷിപ്പ് സംബന്ധിച്ച ഔപചാരികമായ ഉത്തരവുകൾ അവർക്കു ലഭിച്ചതെന്നും അദ്ദേഹം പറഞ്ഞു.

മലപ്പുറത്ത് 9 അറസ്റ്റ്

മലപ്പുറം ജില്ലയിൽ മഞ്ചേരിയിൽ 6 പേരേയും മലപ്പുറത്ത് 3 പേരേയും ഇന്ന് പോലീസ് അറസ്റ്റ് ചെയ്തിരിക്കുന്നു. ഇവരെല്ലാം സാമൂഹ്യവിരുദ്ധരാണ്.

അറസ്റ്റു ചെയ്തവരെ വിട്ടയച്ചു

കോഴിക്കോട്, ജൂൺ 27– കരുതൽ നടപടിയെന്ന നിലയിൽ ഇന്നലെ രാത്രിയും, ഇന്നുമായി കോഴിക്കോട് ജില്ലയിൽ പോലീസ് അറസ്റ്റ് ചെയ്ത 16 പേരെ പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു. —സ്റ്റാ. റി.

റാമും ചവ്വാനും വീട്ടു തടവിലല്ല

ജഗ്ജീവൻറാം

ചവ്വാൻ

ന്യൂദൽഹി, ജൂൺ 27–കാർഷികമന്ത്രി ജഗ്ജീവൻറാമും, വിദേശമന്ത്രി ചവ്വാനും ''വീട്ട് അറസ്റ്റി''ലാണെന്ന ഊഹാപോഹങ്ങളെ ഔദ്യോഗികകേന്ദ്രങ്ങൾ വെള്ളിയാഴ്ച അസംബന്ധമെന്നാണ് വിശേഷിപ്പിച്ചത്.

രണ്ട് മന്ത്രിമാരും സന്ദർശകരെ സ്വീകരിക്കുന്നതിന്നു പുറമെ സാധാരണ ഔദ്യോഗികജോലികൾ നിർവ്വഹിച്ചു വരുന്നതെന്നവർ കൂട്ടിച്ചേർത്തു. നാട്ടിനകത്തുള്ള അസ്വസ്ഥതകൾ നേരിടാൻ അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ തീരുമാനം കൈക്കൊണ്ട വ്യാഴാഴ്ച, കാലത്തെ കേന്ദ്രമന്ത്രിസഭായോഗത്തിൽ ശ്രീ ജഗ്ജീവൻറാമും ചവ്വാനും പങ്കെടുത്തിരുന്നു.

ബി ബി. സി. റിപ്പോർട്ട്

ശ്രീ ജഗ്ജീവൻറാമിനെ സംബന്ധിച്ച എല്ലാ അഭ്യൂഹങ്ങളും കേന്ദ്ര സർക്കാറിന്റെ ചീഫ് പ്രസ്സ് അഡ്വൈസർ ഡോക്ടർ എ. ആർ. ബാജി ശക്തിയായി നിഷേധിച്ചു. ശ്രീ ജഗ്ജീവൻറാം ''വീട്ടറസ്ററിലാണ്''ള്ളതെന്നു ബി.ബി.സി. (ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ്ങ്കമ്പനി) റിപ്പോർട്ടിനെക്കുറിച്ച് ഒരു പത്രപ്രതിനിധി ചോദിച്ചപ്പോൾ എല്ലാ ഊഹാപോഹങ്ങളും അവ എന്തു തന്നെയായാലും നിഷേധിക്കുന്നു എന്നദ്ദേഹം പറഞ്ഞു.

''ഇത്തരം ഊഹാപോഹങ്ങളിൽ യാതൊരു സത്യവുമില്ലെന്നും'' അറിയിച്ചുകൊണ്ടുള്ള ആഭ്യന്തരവകുപ്പ് സ്റ്റേററ് മന്ത്രി ഓം മേഹ്ത്ത യുടെ പ്രസ്താവനയും ഡോക്ടർ ബാജി പത്രസമ്മേളനത്തിൽ വായിച്ചു.

ദൽഹിയിൽ ചൊവ്വാഴ്ച തന്റെ സ്റ്റേ ഹരജിമേൽ സുപ്രീംകോടതി ജഡ്ജി ജസ്റ്റിസ് കൃഷ്ണയ്യർ ഉത്തരവു പുറപ്പെടുവിച്ച ഉടനെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി സ്വവസതിയ്ക്കു മുൻപിൽ നടന്ന റാലിയിൽ പ്രസംഗിക്കുന്നു.

ഭാരത് ട്രപതിയുടെ പ്രഖ്യാപനം

അവകാശം സ്ഥാപിക്കാൻ കോടതിയെ സമീപിച്ചുകൂട

ന്യൂദൽഹി, ജൂൺ 27–ഭരണഘടനയിലെ 14, 21, 22 ഖണ്ഡികകളനുസരിച്ചുള്ള അവകാശം സ്ഥാപിച്ചു കിട്ടാൻ ആർക്കും (വിദേശിയരടക്കം) അടിയന്തരാവസ്ഥ നിലവിലുള്ളേത്തോളം കാലം കോടതിയെ സമീപിച്ചു കൂടെന്നും, മേൽപ്പറഞ്ഞ അവകാശം സംബന്ധിച്ച കോടതികളുടെ മുമ്പാകെയുള്ള കേസുകളുടെ വിചാരണ നിർത്തിവെച്ചതായും, ഭരണഘടന 359–1 ഖണ്ഡികയനുസരിച്ചുള്ള അധികാരമുപയോഗിച്ചുകൊണ്ടു രാഷ്ട്രപതി പ്രഖ്യാപിച്ചിരിക്കുന്നു.

ജമ്മു–കാശ്മീർ ഒഴികെ രാജ്യത്തൊട്ടാകെ ഈ കൽപ്പന ബാധകമായിരിക്കും.

നഹറേയും മററും സസ്പെണ്ട് ചെയ്തു

കൽക്കത്ത, ജൂൺ 27– ഗുരുതരമായ അച്ചടക്കലംഘനം നടത്തി എന്നതിന്നു ശ്രീ വിജയ് സിങ്ങ് നഹർ, ശാന്തി ദാസ് ഗുപ്ത (പി. സി. സി. വൈസ്സ് പ്രസിഡണ്ട്), കാശി കാന്തി മൈത്ര, രാംദാസ് ബാനർജി, കൃഷ്ണകുമാർ ശുക്ല എന്നിവരെ പശ്ചിമബംഗാൾ കോൺഗ്രസ്സ് നിയമസഭാ കക്ഷിയിൽ നിന്നു സസ്പെണ്ട് ചെയ്തിരിക്കുന്നു. പാർട്ടിയിൽ നിന്നു പുറത്താക്കാതിരിക്കാൻ കാരണം കാണിക്കാൻ ഇവരോടാവശ്യപ്പെട്ടിട്ടുമുണ്ട്.

ലഖ്നൗ, ജൂൺ 27–പാർട്ടി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി എന്നതിന്നു ശ്രീ ജഗന്നാഥ് ശാസ്ത്രി (എം.എൽ.സി)യെ കോൺഗ്രസ്സിൽ നിന്ന് സസ്പെണ്ട് ചെയ്തിരിക്കുന്നു.

(പധാനമന്ത്രിയുടെ നടപടിയിൽ തെററില്ല

—താക്കറെ

ബോംബെ, ജൂൺ 26–ഒരു ഏകാധിപതിയെപ്പോലെ പ്രവർത്തിയ്ക്കാൻ പ്രതിപക്ഷകക്ഷികൾ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ നിർബ്ബന്ധിയാക്കിയിരിക്കുകയാണെന്നു ശിവസേനാ നേതാവ് ബാൽ താക്കറേ വെള്ളിയാഴ്ച പറഞ്ഞു. അവർ ഇപ്പോൾ കൈക്കൊണ്ട നടപടി താൻ മുൻപേ പ്രതീക്ഷിച്ചിരുന്നതായിരുന്നു. അതിൽ തെററൊന്നുമില്ലെന്നദ്ദേഹം കൂട്ടിച്ചേർത്തു.

പി. എൻ. മേനോന്റെ മൃതദേഹംസംസ്കരിച്ചു

ഒററപ്പാലം, ജൂൺ 27–ബൽഗ്രേഡിൽ വെച്ചു നിര്യാതനായ യുഗോസ്ലാവിയയിലെ ഇന്ത്യൻ സ്ഥാനപതി പി. എൻ. മേനോന്റെ മൃതദേഹം ഇന്നു കാലത്തു 9 മണിക്കു പാലപ്പാറത്തു നീളംനദിയുടെ തീരത്തുള്ള പാലാട്ട് വളപ്പിൽ സംസ്കരിച്ചു. ദുഃഖിതരായ കുടുംബാംഗങ്ങളുടേയും സുഹൃജ്ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ പുത്രൻ ശിവശങ്കരൻ ചിതക്കു തീ കൊളുത്തി.

പ്രത്യേക ബോയിങ്ങ് വിമാനത്തിൽ തിരുവനന്തപുരത്തെത്തിയ മൃതദേഹം ഇന്നു പുലർച്ചെ 2.30ന്നു ഫയർ ഫോഴ്സുകാരുടെ പ്രത്യേകം സജ്ജമാക്കിയ വാനിൽ ശ്രീ കെ. പി. എസ്. മേനോന്റെ വസതിയിലെത്തിക്കുകയുണ്ടായി. കേരള ചീഫ് ജസ്റ്റിസ് പി. ഗോവിന്ദൻ നായർ, പി. എൻ. മേനോന്റെ സഹധർമ്മിണി മാലിനി, മകൾ സരസ്വതി, കേൻ ശിവശങ്കരൻ, സഹോദരൻ പി. എസ്. മേനോൻ തുടങ്ങിയവർ മൃതദേഹത്തെ അനുഗമിച്ചിരുന്നു.

കാലത്തു 8.30ന് പാലാട്ട് വീട്ടിൽ നിന്നു പോലീസിന്റെയും ഉദ്യോഗസ്ഥന്മാരുടേയും നൂറുകണക്കിന്നു സുഹൃത്തുക്കളുടേയും അകമ്പടിയോടെ ഒരു വിലാപയാത്രയായാണ് മൃതദേഹം വഹിച്ചു വാൻ ശ്മശാനത്തിലെത്തിയത്. മകൻ ശിവശങ്കരനും മററു കുടുംബാംഗങ്ങളും ഗംഗാജലത്തോടുകൂടി [illegible] മൃതദേഹത്തിലൊഴിക്കുന്നതിനു ശേഷം ചിതക്കു തീക്കൊളുത്തിയത്.

—സ്വ.ലേ.

ഡാക്ക, ജൂൺ 27–ബംഗ്ളാദേശിൽ ഇന്നു പ്രസിദ്ധപ്പെടുത്തുന്ന ആകെ നാലു പത്രങ്ങളിൽ രണ്ടെണ്ണവും—സർക്കാർ ഉടമയിലുള്ളത്—ഇന്ത്യയിൽ അടിയന്തരാവസ്ഥ പുറപ്പെടുവിച്ചതിന്നുള്ള പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ ന്യായീകരണത്തിന്നു പിന്തുണ നൽകിയിരിക്കുന്നു.

ഇംഗ്ളീഷിലുള്ള ''ബംഗ്ളാദേശ് ഒബ്സർവറും'' ബംഗാളിയിലുള്ള ''ഇത്തേഫഖ്''മാണ് ഇങ്ങിനെ ചെയ്തത്. നാട്ടിലെ ക്രമസമാധാനപാലനം അലങ്കോലപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നീക്കങ്ങൾ തടയാൻ തക്ക സമയത്തു വേണ്ട നടപടികൾ കൈക്കൊണ്ടിരുന്നില്ലെങ്കിൽ ദേശീയ ഐക്യവും ഭദ്രതയും സംരക്ഷിക്ക